## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-*29** **27.02.2017-ലെ മറുപടിയ്ക്ക്**

# പതിമൂന്നാം പഞ്ചവത്സര പദ്ധതി

**ചോദ്യം**

ശ്രീ.ഒ.ആർ.കേളു
ശ്രീ.സി.കൃഷ്ണൻ
ശ്രീ.എ.എം.ആരിഫ്
ശ്രീ.വി.ജോയി

**മറുപടി**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ 43 കർമ്മ സമിതികൾക്ക് രൂപം കൊടുക്കുകയും അതിന്റെ പൂർണ്ണമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പതിമൂന്നാം പദ്ധതിയുടെ ഭാഗമായുള്ള വാർഷിക പദ്ധതി (2017-18) 09/02/2017-ലെ ജി.ഒ(എം.എസ്) നം.7/2017/ പ്ലാനിംഗ് ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.<br>ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിൽ രണ്ടാം ഘട്ട ജനകീയാസൂത്രണ പദ്ധതിക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. ഇതിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതാണ്. നവകേരള മിഷന്റെ ഭാഗമായി സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി(LIFE), ജന സൗഹൃദസർക്കാർ ആശുപത്രികൾ-ആർദ്രം മിഷൻ, സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി, ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരള പദ്ധതി എന്നിങ്ങനെ 4 മിഷനുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവ ജനപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>(............2) |

| | | | |
|---|---|---|---|
| (ബി) | പദ്ധതികളുടെ ആസൂത്രണം സമയബന്ധിതമായി നടപ്പാക്കുമെന്ന് ഉറപ്പാക്കുന്നതിന് സംവിധാനം ഉണ്ടോ; | (ബി) | ഉണ്ട്. |
| (സി) | യഥാസമയം ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും പദ്ധതികൾ ആസൂത്രണം ചെയ്ത രീതിയിൽ തന്നെ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതി ആസൂത്രണം സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ തലത്തിലും ആസൂത്രണ ബോർഡിലും സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി എല്ലാ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെയും പദ്ധതി അവലോകന യോഗം എല്ലാമാസവും നടത്തുന്നുണ്ട്. കൂടാതെ പ്ലാൻസ്പേസ് എന്ന "Real time online monitoring mechanism" വഴി സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതിയിൽ അവലോകനം നടത്താറുണ്ട്. ഇതിനു പുറമേ 2017-18-ൽ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പാക്കുന്നതിനു വേണ്ടി പ്രധാനപ്പെട്ട പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി ഗ്രീൻ ബുക്കിൽ ഉൾപ്പെടുന്ന പദ്ധതികൾ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ